# ACADEMIC MASTER PLAN

## (2025-26)

### CLASS - II

### GMLPS KARATHODE

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ**

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

**ജൂലൈ**

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്റ്റ്**

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

**നവംബർ**

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

**ഫെബ്രുവരി**

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ ഭാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**മാർച്ച്**

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**പ്രവർത്തന ലക്ഷ്യങ്ങൾ**

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

**ജൂൺ**

1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

**ജൂലൈ**

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

**ആഗസ്റ്റ്**

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

**ഡിസംബർ**

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## Academic master plan English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

**June**

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction etc

**July & August**

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# ഹായ് അറബിയ്യ

## മുഖ്യ ലക്ഷ്യം

ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള താൽപര്യവും കഴിവും കുട്ടികളിൽ വികസിപ്പിക്കുക.

## ഉപ ലക്ഷ്യങ്ങൾ

1. അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും മുൻനിരയിലെത്തിക്കുക.
2. ഒഴുക്കോടെ വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
3. അറബി പഠനസമ്പത്ത് വർദ്ധിപ്പിക്കൽ
4. ആസ്വാദന ലോകം സൃഷ്ടിക്കൽ
5. സ്കൂളിൽ ഒരു അറബിക് അന്തരീക്ഷം സൃഷ്ടിക്കൽ

## പ്രവർത്തനങ്ങൾ

1. അറബി ഭാഷയിൽ പിന്നോക്കം നിൽകുന്ന കുട്ടികളെയും മൻനിരയിലെത്തിക്കുക.
   - മുന്നറിവ് പരിശോധിക്കുക.
   - അക്ഷരങ്ങൾ ഉറപ്പിക്കുക.
   - ചെറിയ ചെറിയ വാചകങ്ങൾ നിർമ്മിക്കുക.
   - ഭാഷാ കളികൾ നടത്തുക.
2. ഒഴുക്കോടെ വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
   - തെരഞ്ഞെടുത്ത ലളികമായ അറബിക്ക് പുസ്തകങ്ങൾ ശേഖരിക്കുക.
   - ഓരോ അറബിക് പിരിയഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.
   - വായിച്ച ബുക്കുകൾ രേഖപ്പെടുത്തുക
   - കൂടുതൽ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക.
   - ക്ലാസ് മാഗസിനുകൾ നിർമ്മിക്കുക
   - വായന കാർഡ് നിർമ്മിക്കുക.
   - അറബി ഭാഷയുടെ തനതായ എഴുത്തുശൈലികൾ പരിശീലിക്കുക.
   - ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലിപ്പിക്കുക.
   - ചുമർ പത്രിക നർമ്മിക്കുക.
3. അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ
   - ക്ലാസ് ലൈബ്രറി

• കുട്ടികൾക്ക് അറബിക് കവിതകൾ, കഥകൾ കാർട്ടൂണുകൾ കാണാനു കേൾക്കാനും അവസരം (ICT)

• വാക്കുകൾ ഉപയോഗിച്ച് അന്താക്ഷരി മത്സരം

4. ആസ്വാദന ലോക സൃഷ്ടിക്കൽ

• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രമിക്കാനും അവസരം സൃഷ്ടിക്കും.

• ബാല സഭകളിൽ അറബി കവിത, കഥ സംഭാഷണങ്ങൽ അവതരിപ്പിക്കും.

• അറബിക്ക് കഥകൾ കാട്ടൂണുകൾ കവിതകൾ കാണിക്കും (ICT)

• തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണിക്കും (ICT)

• സ്കൂൾ വാർഷികത്തിൽ കലാമേളകളിൽ അറബിക് ഇനങ്ങൾ ഉൾപ്പെടുത്തും.

• അറബിക് ഡേയിൽ അറബിക് അസംബ്ലി അറബിക് പ്രദർശനം എന്നിവ സംഘടിപ്പിക്കും.

5. സ്കൂളിൽ അറബിക് അന്തരീക്ഷ സൃഷ്ടിക്കൽ

• സ്കൂളിലെ ക്ലാസ് റൂമുകൾ, വസ്തുക്കൾ എന്നിവക്ക് അറബിക്ക് ലാബൽ പതിക്കൽ

• അറബിക് ബോർഡുകൾ സ്ഥാപിക്കും.

• അധ്യപകർ കുട്ടികളുമായി അറബി ഭാഷയിൽ അനൗപചാരിക സംഭാഷണങ്ങൾ നടത്തും.

• അറബിയിൽ Badge തയ്യാറാക്കും

• ആഴ്ചയിൽ ഒരു ദിവസം അറബിക്ക് Prayer

• ആഴ്ചയിൽ ഒരു കഥ/കവിത എന്ന രൂപത്തിൽ അറബിക് കവിതകളും കഥകളും അവതരിപ്പിക്കും.

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനം |
| --- | --- | --- |
| ഒന്നാം ക്ലാസ് | ലക്ഷ്യം-1 | പ്രീ ടെസ്റ്റ് |
| | " | അക്ഷര കാർഡുകൾ |
| | " | ചിത്ര കാർഡുകൾ |
| | " | ഭാഷാ കളികൾ |
| | ലക്ഷ്യം-2 | വായന കാർഡുകൾ |
| | " | ക്ലാസ് മാഗസിൻ |
| | ലക്ഷ്യം-3 | അന്താക്ഷരി മത്സരം |
| | ലക്ഷ്യം-4 | സർഗവേളകളിൽ അറബി ഇനങ്ങളുടെ അവതരണം |
| | " | വീഡിയോ (കഥ, കവിത, കാർട്ടൂൺ) ICT |
| | ലക്ഷ്യം-5 | അറബിടെ ബാഡ്ജ് നിർമാണം |
| രണ്ടാം ക്ലാസ് | ലക്ഷ്യം-1 | പ്രീ ടെസ്റ്റ് |
| | " | വാചക കാർഡുകൾ |
| | " | ഭാഷാ കളികൾ |
| | ലക്ഷ്യം-2 | ലളിതമായ ബുക്കുകളുടെ വായന |
| | " | ക്ലാസ് മാഗസിൻ |
| | " | വായന കാർഡുകൾ |
| | " | വർക്ക് ഷീറ്റുകൾ |
| | " | ചുമർ പത്രിക |
| | ലക്ഷ്യം-3 | അറബിക് ഡിക്ഷണറി |
| | " | അന്താക്ഷരി മത്സരം |
| | ലക്ഷ്യം-4 | സർഗവേളകളിൽ അറബി ഇനങ്ങളുടെ അവതരണം |
| | " | വീഡിയോ പ്രദർശനം |
| | ലക്ഷ്യം-5 | ബാഡ്ജ് നിർമാണം |
| | " | അറബിക് കവിത ആഴ്ചയിലൊരിക്കൽ അവതരണം |

| ക്ലാസ് | ലക്ഷ്യം | പ്രവർത്തനം |
| --- | --- | --- |
| മൂന്നാം ക്ലാസ് | ലക്ഷ്യം-1 | പ്രീ ടെസ്റ്റ് |
| | " | വാചക കാർഡുകൾ |
| | " | ഭാഷാ കളികൾ |
| നാലാം ക്ലാസ് | ലക്ഷ്യം-2 | പുസ്തക ശേഖരണം |
| | " | പുസ്കത വായന |
| | " | മാഗസിനുകൾ |
| | " | വർക്ക് ഷീറ്റുകൾ |
| | " | എഴുത്തു ശൈലികളുടെ പരിശീലനം |
| | " | ചുമർ പത്രിക |
| | ലക്ഷ്യം-3 | അറബിക് ഡിക്ഷ്നറി |
| | " | വീഡിയോ (കഥ, കവിത, കാർട്ടൂൺ) ICT |
| | " | അന്താക്ഷരി മത്സരം |
| | ലക്ഷ്യം-4 | സർഗവേളകളിൽ അറബി ഇനങ്ങളുടെ അവതരണം |
| | " | Direction Board |
| | ലക്ഷ്യം-5 | അറബിക് ബാഡ്ജ് തയ്യാറാക്കാം |
| | " | അറബിക്ക് പ്രാർത്ഥന |
| | " | ആഴ്ചയിലൊരിക്കൽ അറബിക് കഥ/കവിത അവതരണം |

## പ്രവർത്തന കലണ്ടർ

1. **എല്ലാ ദിവസവും ചെയ്യേണ്ടത്**
   - ഒരു ദിവസം ഒരു വാക്ക്
   - അറബിക് കഥ/കവിത വായന
   - ഭാഷ കളികൾ
   - അനൗപചാരിക സംഭാഷണം

2. **ആഴ്ചയിൽ**
   - വായന മത്സരം
   - അറബിക് പ്രാർത്ഥന
   - കഥ,കവിത, കാർട്ടൂൺ

3. **എല്ലാ മാസത്തിലും**
   - അറബിക് സർഗവേള
   - ചുമർ പത്രക
   - വായന മത്സരം/കയ്യെഴുത്ത്/ക്വിസ്
   - അറബക് അസംബ്ലി

4. **വർഷത്തിൽ ഒന്ന്**
   - അറബിക് ദിനാചരണം
   - അറബിക് എക്സ്പോ
   - അറബിക് ഫെസ്റ്റ്
   - അറബിക് ശിൽപശാല

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി. എം. എൽ. പി. എസ്. കാരാത്തോട്

ഒന്നാം ക്ലാസ്

മലയാളം

2025 - 26

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പ് വരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തനലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി, എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.

- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

## ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തീയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനത്തിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വാതന്ത്ര്യ രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.

- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

## ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.

* തീയറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
* കട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു.
* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* കട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

പ്രവർത്തനങ്ങൾ

* കട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കട്ടിക്കും ഓരോ പതിപ്പുകൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

• ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യാധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു..
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി എന്നിവ തിരിച്ചറിയുന്നു.

1.

GMLPS KARATHODE

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March


- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# ക്ലാസ് അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

### നാലാം ക്ലാസ്

ജി.എം.എൽ.പി.എസ്. കാരാത്തോട്



## ആമുഖം

2025-26 അധ്യയന വർഷത്തിലെ പുതിയ പാഠപുസ്തകമുൾക്കൊണ്ട് നാലാം ക്ലാസിലെ എല്ലാ നിലവാരക്കാരെയും പരിഗണിച്ച് തുല്യതയും ഗുണനിലവാരവും ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യത്തോടെ തയ്യാറാക്കിയ രൂപരേഖ ആണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നിവയിൽ ഊന്നൽ നൽകിയ കർമപദ്ധതി രക്ഷിതാക്കളുടെയും മറ്റും പരിപൂർണ പിന്തുണ ഉറപ്പാക്കുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദകരമാക്കുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു

# മലയാള ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മധുരം മലയാളം<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| വായിക്കാം വളരാം<br>വായനശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി, പുസ്തക പരിചയം, പിറന്നാൾ സമ്മാനം, വായനക്കുറിപ്പ് പത്രവായന, വാരാന്ത്യ ക്വിസ് (Little master) | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുതാം തെളിയാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നുമുള്ള ശേഖരം<br>+ ദിനാചരണവുമായി നടത്തുന്ന സർഗരചനകൾ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവാദം<br>ലേഖനശേഷി വർധിപ്പിക്കാൻ, സാഹിത്യകാരന്മാരെ അടുത്തറിയാൻ | + സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher | PTA |

| | | | | |
|---|---|---|---|---|
| കണ്ടറിയാം.. കേട്ടറിയാം<br>അറിവ് ഡോക്യുമെന്ററിയിലൂടെ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ.<br>സന്നദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ..<br>ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തുന്ന വീഡിയോ പ്രദർശനം | ആവശ്യാനുസരണം | class teacher<br>SRG | PTA |
| രുചിച്ചറിയാം<br>(പ്രാചീന(നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള (കുറിപ്പ്)<br>ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | CPTA<br>Class teacher<br>SRG | |
| ഓർക്കാം.. ആദരിക്കാം..<br>സാഹിത്യകാരന്മാരുടെ ജന്മ-ദിനാചരണങ്ങൾ | → ഓർമ്മ ദിനങ്ങൾ<br>ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>class teacher<br>CPTA | PTA |
| കലക്കൂട്ട്<br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ | → കലാരൂപങ്ങൾ- പതിപ്പ്<br>→ ഡോക്യുമെന്ററി<br>→ നാട്ടിലെ കലകൾ | വർഷത്തിലൊന്ന് | SRG, HM<br>CPTA<br>Class teacher | |
| സർഗോത്സവം<br>ഭാഷാ പഠനശേഷികൾ അവതരിപ്പിക്കൽ | സർഗശേഷികളുടെ പ്രദർശനം- വിവിധ അവസരങ്ങളിൽ | ആവശ്യാനുസരണം | CPTA<br>SRG<br>class teacher | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം നിരീക്ഷണം- അറിവ് നിർമ്മാണം | → ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA<br>class teaches | PTA |
| ശാസ്ത്രമൂല ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ | → ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>→ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രയാത്ര ശാസ്ത്ര പഠന താൽപര്യം വളർത്താൻ | → വാനനിരീക്ഷണ ക്ലാസ് | ആവശ്യാനുസരണം | SRG<br>class teacher | PTA |
| ഭൂപടമൊരുക്കാം കേരളം-ഇന്ത്യ ഭൂപടവായന സൂചിക അറിയാൻ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം<br>ഗ്ലോബ്, മാപ്പ് ഉപയോഗിക്കൽ | ആവശ്യാനുസരണം | class teacher<br>SRG | PTA |
| ശാസ്ത്ര വിസ്മയ ചുമർ | → ദിനാചരണങ്ങൾ, പാഠഭാഗമായ ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശനം, little master quiz | ആവശ്യാനുസരണം | class teacher<br>SRG | |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ബാലസഭ, പരീക്ഷണം, ചാർട്ട്, പതിപ്പ്, പഠനോപകരണ നിർമ്മാണം/പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമാസിക<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# ENGLISH

## INTRODUCTION

This is a blueprint prepared to full fill the mission of realizing the goal of complete quality education in suitable manner for children in 4th std of the year 2025-26

The goal of this project is to make learning english fun and enjoyable, so ~~that~~ necessary activities are included in this

# ENGLISH

| ENGLISH ASSEMBLY (english language learning) | | | |
|---|---|---|---|
| AIM | ACTIVITIES | TIME | TASK |
| Improving the ability to read speak and write English effectively | Assembly meeting one day in a month children have full control of the assembly | Throughout the year | Class teacher and Eng teacher |
| ENGLISH DIARY (english language learning) | | | |
| Ability to write English without errors | write a diary of your daily activities at home and at school (Two days a week) | Throughout the year | English Teacher |
| ENGLISH THEATRE (english language learning) | | | |
| Nurturing creativity | Transforming English lessons into dialogues skit, drama, conversation story telling, roleplay | Once a month (related to the classroom activity) | English teacher |

| AIM | ACTIVITIES | TIME | TASK |
| --- | --- | --- | --- |
| **ENGLISH MAGAZINE** | | | |
| Development of creative writing skill | The magazine is prepared every three or four months including the children's writings | once in a three month | Class teaches and english teacher |
| **ENGLISH HANDWRITING** | | | |
| writing Excellence in English Language | Activities on special days at school in the form of letters, news, notices, etc... | Once every two months | English Teacher |
| **ENGLISH CORNER** Reading enrichment | Prepare a reading corner by providing books according to the children's level | related to the books availability once in every months | Class teacher and English teacher |
| **ENGLISH FEST** | | | |
| Building confidence in handling the English language | Reading and writing activities, other creative activities competition includes in schools | once in a year and holidays etc (English day celebration) | Class teacher English teacher |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം (പാമ്പും ഏണിയും, Dice കളി) സങ്കലനം, വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG Class teacher | |
| ഒറിഗാമിയിലൂടെ പഠിക്കാം ഗണിതശാസ്ത്രപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങൾ നിർമാണം, പ്രദർശനം | വർഷത്തിൽ രണ്ട് തവണ | Class teacher | |

| | | | | |
|---|---|---|---|---|
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ക്ലാസിൽ ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | | |
| ഗണിത പഠനോപകരണ ശില്പശാല: | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മാണം; പ്രദർശനം | നവംബർ | | |
| ഗണിതശേഷി പ്രകടനം | പ്രശ്നോത്തരി ക്വിസ് പാട്ടുകൾ പ്രദർശനം | വർഷത്തിലൊന്ന് | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ്സ് 3
## ഗണിതം

വിദ്യാലയത്തിന്റെ പേര് :
ക്ലാസ് അധ്യാപികയുടെ പേര് :
മൂന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണം :
പ്രത്യേക പരിഗണന ആവശ്യമുള്ളവർ :
ഗോത്ര വിഭാഗത്തിൽ പെടുന്നവർ :

**ഒന്നാം ടേമിലെ പ്രവർത്തന ലക്ഷ്യങ്ങൾ**

- ഒന്നാം ടേമിൽ ലഭിക്കേണ്ട എല്ലാ പഠന നേട്ടങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഗണിതത്തിൽ മനഗണിതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ഗണിത പഠനത്തിന് രക്ഷിതാക്കളുടെ സഹായം ഉറപ്പിക്കുന്നതിനുള്ള പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്ന രീതി വികസിപ്പിക്കുന്നു.
- പഠനശേഷികൾ വിലയിരുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നതിന്
- ബാങ്കിൽ പോകാം, സ്കൂളിൽ ഒരു വിദ്യാർത്ഥി നിധി ഉണ്ടാക്കുക

**ഒന്നാം ടേമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

1. പഠനോപകരണ നിർമ്മാണ ശില്പശാല.
2. ക്ലാസ് പിടികൾ ഓരോ യൂണിറ്റിനും .
3. എസ് ആർ ജി യോഗത്തിലെ ക്ലാസ് അനുഭവ റിപ്പോർട്ടിംഗ്
4. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തരും തുട പ്രവർത്തനാസൂത്രണവും.
5. കുട്ടികളുടെ പ്രകടനങ്ങളും പഠന തെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും .
6. സമ്പാദ്യശീലം പ്രവർത്തനം
7. കാർണിവൽ - ഒന്നാം ടേമിലെ ഗണിത ആശയങ്ങൾ പഠിപ്പിക്കാൻ സഹായകരമാകുന്ന ഗണിതചന്ത. ഡമ്മികൾ ഉപയോഗിച്ചു സാമ്പത്തിക ചെലവില്ലാതെയും ചന്ത നടത്താം. രസീത് , ചെക്ക് ബുക്ക് കളി നോട്ടുകൾ, ടോക്കൺ മറ്റു നൂതന ആശയങ്ങളും ഇതിൽ ഉപയോഗിക്കാം
8. പഠനയാത്ര- ഫീൽഡ് ട്രിപ്പ് നടത്തുമ്പോൾ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകന്റെ മേൽനോട്ടത്തോടെ കുട്ടികളെ കൂടി ഉൾപ്പെടുത്തുക. ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഗണിത പഠന സാധ്യത ഉള്ളതായിരിക്കണം.
9. ഓണപ്പൂക്കള ചിത്ര നിർമ്മാണ മത്സരം
10. ജാമിതീയ രൂപങ്ങൾ ജോമട്രിക് ചാർട്ട് നിർമ്മാണ ശില്പശാല
11. എന്റെ ഗണിത മൂല - ക്ലാസ് മുറിയിൽ ഗണിത ലാബ് നിർമ്മാണം

**സമ്പാദ്യശീലം**

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | സമ്പാദ്യകാർഡ് നൽകുന്നു പദ്ധതി വിശദീകരിക്കുന്നു |
| ജൂലൈ | ഒരു മാസത്തെ പ്രവർത്തനം വിലയിരുത്തുന്നു |
| ഓഗസ്റ്റ് | ഓരോ കുട്ടിയുടെയും ആകെ നിക്ഷേപം കണ്ടെത്തുന്നു. സങ്കലനം വ്യവകലനം പത്തുകൾ നൂറുകൾ സാധ്യമാകുന്ന എല്ലാ ഗണിത സാധ്യതകളും ഉപയോഗിക്കുന്നു |

**കാർണിവൽ**

| മാസം | ചിലവ് | പ്രവർത്തനങ്ങൾ |
|---|---|---|
| ഓഗസ്റ് | | ഗണിത ആശയങ്ങൾ മുഴുവൻ സഹായിക്കുന്ന ഗണിത ചന്ത ആയിരിക്കണം നടത്തേണ്ടത് |

**ഓണപ്പൂക്കള ചിത്ര നിർമ്മാണ മത്സരം**

| മാസം | ചിലവ് | പ്രവർത്തനം |
|---|---|---|
| ഓഗസ്റ്റ് | | നാലാമത്തെ യൂണിറ്റിൽ പറയുന്ന ഗണിത രൂപങ്ങൾ ചിത്രത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തണം. |

**എന്റെ ഗണിത മൂല**

| മാസം | ചിലവ് | പ്രവർത്തനം |
|---|---|---|
| ജൂൺ | | ഗണിതം മൂല ഒരു വളരുന്ന ലാബ് ആയിരിക്കണം. എസ് ആർ ജി, ക്ലസ്റ്റർ, സി പി ടി എ ഇവയിൽ സാധ്യതകൾ ചർച്ച ചെയ്ത് മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ആദ്യ നാല് യൂണിറ്റുകൾക്ക് വേണ്ട മുഴുവൻ സാധ്യതകളും സാമഗ്രികളും ലളിത ലാബിൽ ലഭ്യമാക്കേണ്ടതാണ് |
| ജൂലൈ | | |
| ഓഗസ്റ് | | |

**ജാമിതീയ രൂപങ്ങൾ**

| മാസം | ചിലവ് | പ്രവർത്തനം |
|---|---|---|
| ഓഗസ്റ്റ് | | എസ് ആർ ജി, സി പി ടി എ കൂടി റിസോർസ് പേഴ്സനേയും സാധ്യതകളെയും ചർച്ച ചെയ്യുക. ജാമിതീയ രൂപങ്ങൾ, ജോമട്രിക്കൽ ചാർട്ട് നിർമ്മാണ ശില്പശാല പങ്കെടുപ്പിക്കുക |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |





| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്: മൂന്ന് വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>• നട്ട വൃക്ഷതൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

## ലക്ഷ്യം : 2
## കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

## ലക്ഷ്യം : 3
## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

# GMLPS KARATHODE

# Acadamic Master Plan

## Class: 3 Subject: English

Learning out comes : 1

- Describes the pictures

| Sl. No. | Month | Activities |
|---|---|---|
| 1 | June to August | **Picture Description**<br>• The teacher shows a picture.<br>• Discussion<br>• The children talk about the picture.<br>• Slow learners :- Gives opportunity to express their idea in Malayalam. |

Learning out comes : 2

- Arrange word in alphabetical order.

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | **Dictionary**<br>• Introducing the dictionary<br>• Gives words.<br>• Arranging words in alphabetical order. |

Learning out comes : 3

- Add more exchanges to the conversation suitable to the context

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | **Conversation**<br>• Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the conversation.<br>• Slow learners :- Gives opportunity to express their Idea in Malayalam. |

Learning out comes : 4

- Identifies rhyming words from the poem

| Sl. No. | Month | Activities |
|---|---|---|
| 1 | July to September | **Rhyming words**<br>• Plays the audio of song.<br>• Let the learner sing after the audio<br>• Discussion<br>• Identifies rhyming words |

## Learning out comes : 5

- Add lines to a poem following a set Pattern.

| Sl. No. | Month | Activities |
|---|---|---|
| 1 | July to December | **Add Morelines**<br>• Plays the audio of song<br>• Let the learner sing after the audio<br>• Add lines to the poem. |

## Learning out comes : 6

- Reads and understands the given stories and Poems.

| Sl. No. | Month | Activities |
|---|---|---|
| 1 | December to March | **Let's Read**<br>• Provides the opportunity to read simple stories and poems.<br>• They tell the story they read. |

## Learning out comes : 7

- Makes simple riddles

| Sl. No. | Month | Activities |
|---|---|---|
| 1 | August to March | **Riddles**<br>• Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>• Slow learners:- Gives opportunity to express their idea in Malayalam. |

## Learning out comes : 8

- Undertakes simple project work given

| Sl. No. | Month | Activities |
|---|---|---|
| 1 | October to march | **Projectworks**<br>• Gives instructions<br>• Data Collection<br>• Codifying |